LIBRARY ARCHIVES Kerala Legislative Assembly

## വിഴിഞ്ഞം ഇറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കൽ

126(130) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിക്കും അനുബന്ധ വികസനത്തിനുംവേണ്ടി ആവശ്യമായ ഭൂമി എത്ര എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ; ഇതിനകം എത്ര ഭൂമി ഏറ്റെടുത്തു ;

(ബി) പദ്ധതിയുടെ ടെണ്ടറിൽ എത്ര ഏക്കർ ഭൂമി ലഭ്യമാക്കും എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; ഈ ഭൂമിയ്ക്ക് നിലവിൽ കണക്കാക്കപ്പെടുന്ന വില എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ടെണ്ടറിലെ വ്യവസ്ഥയനുസരിച്ച് ഭൂമി സർക്കാരിന് തിരിച്ചുകിട്ടുന്നത് എപ്പോഴായിരിക്കും ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിക്കാവശ്യമായി കണക്കാക്കപ്പെട്ടിട്ടുള്ളത് 229.10 ഏക്കർ ഭൂമിയാണ്. ഇതിൽ 206.87 ഏക്കർ ഭൂമി ഇതിനകംതന്നെ ഏറ്റെടുത്തു കഴിഞ്ഞു. ഇത് റെയിൽവേ ഒഴികെ പദ്ധതിക്ക് ആവശ്യമായ സ്ഥലമാണ്. റെയിൽവേ ആവശ്യവുമായി ബന്ധപ്പെട്ട് ഇതുവരെ ഭൂമി നോട്ടിഫൈ ചെയ്തിട്ടില്ല

(ബി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ പദ്ധതി ആവശ്യത്തിനായി 229.10 ഏക്കർ ഭൂമി നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് അനുവദിച്ച് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നാളിതുവരെ 206.87 ഏക്കർ ഭൂമി സർക്കാർ ഭൂ ഉടമകളുമായി ഉഭയസമ്മത പ്രകാരം അംഗീകരിച്ച (2010-13) കമ്പോള വിലയനുസരിച്ച് 524.41 കോടി രൂപ മുതൽമുടക്കി ഏറ്റെടുത്തിട്ടുണ്ട്.

(സി) ടെണ്ടർ അനുസരിച്ച് ഭൂമി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ ആയിരിക്കും. സ്വകാര്യ പങ്കാളിക്ക് പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായി നാല്പതു വർഷത്തേക്ക് ലൈസൻസ് അനുവദിച്ചു നൽകാൻ മാത്രമാണ് വ്യവസ്ഥ

## വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ ടെണ്ടർ നടപടികൾ

127 (130) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത അദാനി പോർട്സ് കമ്പനിയുടെ പ്രതിനിധികളുമായി, ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ച 2013 ഡിസംബർ 4-ന് ശേഷം സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം പ്രതിനിധികൾ എവിടെയെല്ലാം വച്ച്, എന്തെല്ലാം ചർച്ചകളിൽ ഏർപ്പെടുകയുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ ;